**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 935** | **06-10-2021 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളുടെ ആക്രമണവും തദ്ദേശവാസികളുടെ സംരക്ഷണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണങ്ങളാൽ ജീവൻ നഷ്ടപ്പെടുന്നതുൾപ്പെടെ കൃഷി/വീട് നഷ്ടപ്പെടുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടുവോ എന്ന് അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത്തരത്തിൽ കഴിഞ്ഞ 10 വർഷക്കാലയളവിൽ ഓരോ വർഷവും എത്രപേർ മരണപ്പെട്ടു എന്നും കൃഷിനാശവും വീടുകൾ നഷ്ടപ്പെട്ടതും സംബന്ധിച്ച വിശദാംശവും വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ 10 വർഷക്കാലയളവിൽ വന്യജീവി ആക്രമണം മൂലം മരണപ്പെട്ടവരുടെ വിവരം അനുബന്ധം-1 ആയി ചേർക്കുന്നു. കഴിഞ്ഞ 10 വർഷക്കാലയളവിൽ വന്യജീവി ആക്രമണം മൂലം മരണപ്പെട്ടവരുടെ ആശ്രിതരിൽനിന്നും, മറ്റു നാശനഷ്ടം സംഭവിച്ചവരിൽ നിന്നും ലഭിച്ച അപേക്ഷയുടെയും ധനസഹായത്തിന്റെയും വിവരം അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | ഇതിൽ നിന്നും തദ്ദേശവാസികളെ സംരക്ഷിക്കാനും കൃഷി/വീട് സംരക്ഷണം ഉറപ്പുവരുത്താനുമായി വനം വകുപ്പ് സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | വന്യമൃഗ ആക്രമണങ്ങളിൽനിന്നും തദ്ദേശവാസികളെ സംരക്ഷിക്കാനും കൃഷി/വീട് സംരക്ഷണം ഉറപ്പുവരുത്താനുമായി താഴെ പറയുന്ന പ്രതിരോധ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ്സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധപ്രദേശങ്ങളിൽ 13 സ്ഥിരം / താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾപ്രവർത്തിച്ചു വരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ |

താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 246 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസ മേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാക്കുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിനും, നശിപ്പിക്കുന്നതിനും 18.05.2020-ലെ സ.ഉ. (സാധാ) നം. 111/2020/ വനം, 11.01.2021 ലെ സ.ഉ. (സാധാ) നം. 5/2021/ വനം, 28.01.2021 ലെ സ.ഉ. (സാധാ) നം. 25/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. സ.ഉ. (സാധാ) നം. 159/2021/വനം തീയതി 29.05.2021 പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17.05.2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണം മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് 08.01.2015-ലെ സ.ഉ. നം. (കൈ) 2/2015/വനം, 05.04.2018 ലെ സ.ഉ. നം. (കൈ) 17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകി

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. വന്യജീവി ആക്രമണം മൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 05.04.2018-ലെ സ.ഉ.നം. (കൈ) 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെൻറുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ഡി) | ഇത്തരത്തിൽ ദുരിതമനുഭവിക്കുന്നവർക്കും മരണപ്പെട്ടവർക്കും നൽകിവരുന്ന സർക്കാർ സഹായം വ്യക്തമാക്കുമോ; ഇവർക്കായുള്ള സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ വനം വകുപ്പ് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ഡി) | വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980 ലെ ദി കേരള റൂൾസ് ഫോർ പേയ്മെൻറ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 05.04.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നു. നിലവിലെ നിരക്ക് അനുബന്ധം -3 ആയി ചേർക്കുന്നു. സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 02/2015/വനം തീയതി 08.01.2015 പ്രകാരം കൃഷിനാശം സംഭവിക്കുന്ന 27 ഇനം കാർഷിക വിളയുടെ നഷ്ടപരിഹാരം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

| ജില്ല | പാമ്പുകടി മൂലം മരണപ്പെട്ടവരുടെ എണ്ണം | മറ്റു വന്യജീവികൾ മൂലം മരണപ്പെട്ടവരുടെ എണ്ണം | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 21 | 9 | 30 |
| കൊല്ലം | 46 | 6 | 52 |
| പത്തനംതിട്ട | 26 | 6 | 32 |
| കോട്ടയം | 17 | 1 | 18 |
| ആലപ്പുഴ | 51 | 0 | 51 |
| ഇടുക്കി | 22 | 44 | 66 |
| എറണാകുളം | 42 | 8 | 50 |
| തൃശൂർ | 87 | 87 | 174 |
| പാലക്കാട് | 192 | 59 | 251 |
| മലപ്പുറം | 79 | 18 | 97 |
| വയനാട് | 9 | 44 | 53 |
| കോഴിക്കോട് | 30 | 2 | 32 |
| കണ്ണൂർ | 85 | 15 | 100 |
| കാസർഗോഡ് | 22 | 20 | 42 |
| **ആകെ** | **729** | **319** | **1048** |

# അനുബന്ധം-2

| വർഷം | അപേക്ഷകളുടെ എണ്ണം | അനുവദിച്ച ധനസഹായം (ലക്ഷത്തിൽ) |
|---|---|---|
| 2009-2010 | 2922 | 119.27 |
| 2010-2011 | 3550 | 200.96 |
| 2011-2012 | 6210 | 454.42 |
| 2012-2013 | 6132 | 460.74 |
| 2013-2014 | 7188 | 659.05 |
| 2014-2015 | 8112 | 782.45 |
| 2015-2016 | 6022 | 681.68 |
| 2016-2017 | 7765 | 963.89 |
| 2017-2018 | 9333 | 1018.68 |
| 2018-2019 | 8125 | 1115.03 |
| 2019-2020 | 6859 | 930.06 |
| 2020-2021 | 10095 | 842.76 |

# അനുബന്ധം-3

| കഷ്ട നഷ്ടങ്ങളുടെ സ്വഭാവം | നഷ്ട പരിഹാര തുക (രൂപ) |
|---|---|
| വന്യജീവി ആക്രമണംമൂലമുള്ള മരണം | 10 ലക്ഷം രൂപ |
| വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടിമൂലമുള്ള മരണം | 2 ലക്ഷം രൂപ |
| വന്യജീവി ആക്രമണം മൂലമുള്ള സ്ഥായിയായ അംഗഭംഗം | 2 ലക്ഷം രൂപ |
| വന്യജീവി ആക്രമണംമൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക് | പരമാവധി 1 ലക്ഷം രൂപ<br>പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ). |
| വന്യജീവി ആക്രമണംമൂലമുള്ള വീടുനഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) |
| വന്യജീവി ആക്രമണംമൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100%<br>(ഒരു വർഷത്തിൽ ഒരാൾക്ക് 4 തവണ അപേക്ഷിയ്ക്കാം - പരമാവധി 1 ലക്ഷം രൂപ ) |